# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4476 22.07.2015-ൽ മറുപടിയ്ക്ക്

**കഞ്ചാവ് കൈവശം വെച്ചെന്ന വ്യാജേന കേസിൽപ്പെടുത്താൻ ഗൂഢാലോചന നടത്തിയതുമായി ബന്ധപ്പെട്ട കേസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ പി.ടി.എ. റഹീം | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കുന്ദമംഗലം പോലീസ് സ്റ്റേഷൻ പരിധിയിൽ കഞ്ചാവ് കൈവശം വച്ചെന്ന വ്യാജേന കേസിൽപ്പെടുത്താൻ ഗൂഢാലോചന നടത്തിയ സംഭവത്തിൽ കേസ് എടുത്തിട്ടുണ്ടോ ; | (എ) കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത കേസിലെ പ്രതികൾ ആരെല്ലാമാണ് എന്നറിയിക്കുമോ ; | (ബി) 1) മുഹമ്മദ് ഹനീഫ @ കുട്ടാപ്പു S/o ഇബ്രാഹിം 2) ഷാഹുൽ ഹമീദ് S/o മുഹമ്മദ്, 3) എം. നാസർ S/o അഹമ്മദ് കുട്ടി ഹാജി, 4) റഫീക്ക് @ ഷെഫീക്ക് S/o അബ്ദുൾ റഹിമാൻ എന്നീ 4 പേർ പ്രതികളാണ്. |
| (സി) എത്ര പേരെയാണ് ഈ കേസിൽ അറസ്റ്റ് ചെയ്തിട്ടുള്ളത് ; | (സി) ഇതിൽ ഒന്നാം പ്രതി ഒഴികെ ബാക്കിയുള്ള 3 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. ഒന്നാം പ്രതി വിദേശത്തായതിനാൽ ടിയാനെ കണ്ടുപിടിക്കാൻ ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (ഡി) 31704/SSA1/2012/Home ഫയലിൽ പോലീസ് വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടു കൊണ്ട് ഏതെല്ലാം തീയതികളിലാണ് കത്തയച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ഡി) 18.04.2012 - ലെ 31704/എസ് എസ് എ 1/2012/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ശ്രീ കെ. അബ്ദു റഹ്മാൻ ഹാജിയുടെ പരാതി ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിയ്ക്ക് അയച്ചു കൊടുത്തിരുന്നു. തുടർന്ന് 11.09.2013, 29.10.2013, 24.02.2015, 09.06.2015 തീയതികളിൽ ഓർമ്മക്കുറിപ്പ് അയച്ചിരുന്നു. |

| | | | |
|---|---|---|---|
| (ഇ) | ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്ന് വിശദമാക്കാമോ ; | (ഇ) | ഇതു സംബന്ധിച്ച റിപ്പോർട്ട് പോലീസ് ആസ്ഥാനത്ത് പരിശോധനയിലാണ്. |
| എഫ്) | പ്രസ്തുത കേസ് ക്രൈം ബ്രാഞ്ചിന് വിടണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ജി) | എങ്കിൽ പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (ജി) | പ്രസ്തുത ആവശ്യത്തിന്മേൽ തേടിയ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ